Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

# കേരള വാട്ടർ അതോറിറ്റി

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. കെ ഡബ്ല്യൂ എ/HO/RMC/R1/1080/2020

തീയതി: 20.12.2020

## സർക്കുലർ

വിഷയം:- കുടുംബശ്രീ/HR മുഖേനയുള്ള മീറ്റർ റീഡർമാർ എടുക്കുന്ന മീറ്റർ റീഡിങ്ങിനെ കുറിച്ചുള്ള പരാതികൾ- സംബന്ധിച്ച്.

സൂചന :- 1) മേൽ വിഷയം സംബന്ധിച്ച്.ഈ കാര്യാലയത്തിൽ ലഭിച്ചിട്ടുള്ള നിരവധി പരാതികൾ.
2) 18/06/2008 ൽ വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടറും കുടുംബശ്രീ എക്സിക്യൂട്ടീവ്
ഡയറക്ടറും തമ്മിൽ ഒപ്പ് വച്ച ധാരണാ പത്രം.

വാട്ടർ അതോറിറ്റിയിൽ നിലവിൽ 27 ലക്ഷത്തിൽപരം കണക്ഷനുകൾ ഉണ്ട്. ഈ കണക്ഷനുകളിൽ റീഡിങ് എടുക്കാൻ 346 സ്ഥിരം മീറ്റർ റീഡർമാരാണുള്ളത് കൂടാതെ 350 ല്പരം ഡിപ്ലോയ്ഡ് മീറ്റർ റീഡർമാരും ഉണ്ട്. എല്ലാ കണക്ഷനുകളിലും റീഡിങ് എടുക്കാൻ സ്ഥിരം ജീവനക്കാർ ഇല്ലാത്തതിനാൽ കുടുംബശ്രീ/HR മുഖേനയുള്ള മീറ്റർ റീഡർമാരെ കൊണ്ടാണ് ബാക്കിയുള്ള കണക്ഷനുകളിലെ റീഡിങ് എടുക്കുന്നത്. എന്നാൽ കുടുംബശ്രീ/HR വഴിയുള്ള മീറ്റർ റീഡർമാരിൽ കുറച്ചുപേരുടെ റീഡിങ്ങിനെ സംബന്ധിച്ച് ഈ അടുത്ത കാലത്തായി വ്യാപകമായ പരാതികളാണ് വന്നുകൊണ്ടിരിക്കുന്നത്.പ്രധാന പരാതികളിൽ ചിലതു ചുവടെ ചേർക്കുന്നു.

1. റീഡിങ് തെറ്റായി രേഖപ്പെടുത്തുക - അത് മൂലം ഉയർന്ന തുകക്കുള്ള ബില്ലുകൾ ഉപഭോക്താക്കൾക്ക് നൽകേണ്ടി വരിക.
2. ഒരു കണക്ഷനിൽ തന്നെ same reading, not access, not clear, Door locked എന്നിവ സ്ഥിരമായി രേഖപ്പെടുത്തുക.
3. ബില്ലിംഗ് കാൽകുലേഷനിൽ വരുത്തുന്ന അക്ഷന്തവ്യമായ തെറ്റുകൾ.
4. പ്രവർത്തനരഹിതമായ മീറ്ററുകളുടെ വിവരങ്ങൾ യഥാസമയംബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കാതിരിക്കുക.

Draft #2 of File KWA/HO/RMC/R1/1080/2020 Approved by Accounts Member on 20-Dec-2020 10:22 PM - Page 1

5. കൃത്യമായ ഇടവേളകളിൽ റീഡിങ് എടുക്കാതിരിക്കുക.
6. ഉപഭോക്താക്കളോട് മാന്യമല്ലാത്ത രീതിയിൽ പെരുമാറുക.

മേല്പറഞ്ഞ കാര്യങ്ങൾ ചെയ്യുന്നത് മൂലം അതോറിറ്റിയുടെ സൽപ്പേരിനും യശസിനും വളെരെയധികം കളങ്കമുണ്ടാക്കുന്നു. ഫലത്തിൽ നല്ലൊരു വിഭാഗം ഉപഭോക്താക്കളുടെ റീഡിങ് എടുക്കാതെ പോകുന്നു. ഇത്തരക്കാർ ക്കെതിരെ യാതൊരുവിധ നടപടികളും സ്വീകരിക്കുന്നതായി കാണുന്നില്ല എന്നത് ഒരു വസ്തുതയാണ്. ആയതിനാൽ മൂന്ന് പ്രാവശ്യത്തിൽ കൂടുതൽ മേൽസൂചിപ്പിച്ച തെറ്റുകൾ വരുത്തുന്നവരെ (HR/Kudumbasree) സ്ഥിരമായി മീറ്റർ റീഡിങ്ങിൽ നിന്നും ഒഴിവാക്കി ആവിവരം കുടുംബശ്രീ ഡയറക്ടറെ അറിയിച്ച് പകരം ആൾക്കാരെ റീഡിങ്ങിന് എടുക്കേണ്ടതാണ്. ഏതെങ്കിലും ഉപഭോക്താവിന് പരാതി ഉണ്ടെങ്കിൽ സെക്ഷനിൽ ബന്ധപ്പെടേണ്ട നമ്പർ കൊടുക്കാൻ നിർദ്ദേശം കൊടുക്കേണ്ടതാണ്. അസാധാരണ റീഡിങ് രേഖപ്പെടുത്തുന്ന സംഭവങ്ങൾ സെക്ഷനിൽ റിപ്പോർട്ട് ചെയ്യാറില്ല. ഇതുമായി ബന്ധപ്പെട്ട പരാതികൾ ഓഫീസിൽ കിട്ടിയാലും വേണ്ടത്ര ഗൗരവം കൊടുക്കാത്തത് കാരണം അതോറിറ്റിക്ക് വലിയ സാമ്പത്തിക നഷ്ടം വരുന്നതായി കാണുന്നു.

മീറ്റർ റീഡർമാർ അവരുടെ റൂട്ടിൽ റീഡിങ് എടുക്കാൻ പോകുമ്പോൾ അവരുടെ റൂട്ടിൽ കാണുന്ന പ്രശ്നങ്ങൾ,അതായത് പ്രവർത്തനക്ഷമമല്ലാത്ത മീറ്ററുകൾ, ജല ചോർച്ച, അനധികൃത ജലചൂഷണം, മീറ്ററുകളിൽ നിന്ന് റീഡിങ് എടുക്കാൻ കഴിയാത്ത അവസ്ഥ ( not access ) തുടങ്ങിയ കാര്യങ്ങൾ എല്ലാദിവസവും സെക്ഷനുകളിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. മീറ്റർ റീഡർമാർ രേഖപ്പെടുത്തുന്ന വിവരങ്ങൾ ബന്ധപ്പെട്ട മീറ്റർ ഇൻസ്പെക്ടർ, അസിസ്റ്റന്റ് എൻജിനീയർ പരിശോധിച്ച് യഥാസമയം നടപടികൾ സ്വീകരിക്കേണ്ടതാണ്.

സൂചന രണ്ട് പ്രകാരമുള്ള ധാരണപത്രം അനുസരിച്ച് door locked, same reading, not access എന്നിവയ്ക്ക് ശൂന്യവേതനം ആയിരിക്കുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.മാത്രമല്ല door locked, same reading, not access എന്നിവയുടെ കാരണം വ്യക്തമാക്കണം എന്ന് കൂടി പരാമർശിച്ചിട്ടുണ്ട്. പല ഓഫീസുകളിലും ഇത്തരം റീഡിങ്ങുകൾക്ക് വേതനം നൽകുന്നതായി കാണുന്നുണ്ട്. മേലിൽ ഇത്തരം റീഡിങ്ങുകൾക്ക് വേതനം നൽകുവാൻ പാടുള്ളതല്ല.

ഇ -അബാക്കസിൽ വിവിധ സെക്ഷനുകളുടെ "റീഡർ സ്റ്റാറ്റസ്" (October/November 2020) പരിശോധിച്ചതിൽ വർക്കിംഗ് എന്നുകാണിക്കുന്ന റീഡിങ്ങുകളുടെ എണ്ണം ഓരോരുത്തരും ആകെ എടുക്കുന്ന റീഡിങ്ങുകളുടെ എണ്ണത്തിന്റെ 50 ശതമാനത്തിൽ താഴെ മാത്രമേ കാണുന്നുള്ളൂ. വരുമാന ചോർച്ച ഇതിൽ നിന്നും വ്യക്തമാണ്. RO/Meter Inspector/AE എന്നിവർ എല്ലാ മാസവും വിവിധ മീറ്റർ റീഡർമാരുടെ " റീഡർ സ്റ്റാറ്റസ്" പരിശോധിക്കുകയും ന്യൂനതകൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ എടുക്കുകയും ചെയ്യണം. ഇത്തരം പരിശോധന ഡിപ്പാർട്മെന്റൽ മീറ്റർ റീഡേഴ്സിനും ബാധകമാണ്. മീറ്റർ ഇൻസ്പെക്ടർ ഇല്ലാത്ത സെക്ഷനുകളിൽ AEE/AE ഒരാളെ ചുമതലപ്പെടുത്തേണ്ടതാണ്.

കൂടാതെ ഒരു സെക്ഷനിൽ തൃപ്തികരമായി ജോലിചെയ്യാത്തതിനും, ആവർത്തിച്ച് തെറ്റുകൾ വരുത്തിയതിനാലും പിരിച്ചുവിട്ട കുടുംബശ്രീ മീറ്റർ റീഡർമാരെ ഉടൻ വേറൊരു സെക്ഷനിൽ എടുത്തതായും ശ്രദ്ധയിൽ പെട്ടിട്ടുണ്ട് ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സൂക്ഷ്മതയോടെ പ്രവർത്തിക്കേണ്ടതാണ്.

Draft #2 of File KWA/HO/RMC/R1/1080/2020 Approved by Accounts Member on 20-Dec-2020 10:22 PM - Page 2

**"100% റീഡിങ് 100% ബില്ലിംഗ് 100%കളക്ഷൻ"** എന്ന നമ്മുടെ ആപ്തവാക്യം അന്വർത്ഥമാക്കുവാൻ എല്ലാ ജീവനക്കാരുടെയും അശ്രാന്ത പരിശ്രമം ഉണ്ടാകണമെന്ന് അറിയിക്കുന്നു..

V. Ramasubramani , IA & AS
അക്കൗണ്ട്സ് മെമ്പർ

സ്വീകർത്താവ്

എല്ലാ ചീഫ് എൻജിനീയർമാർക്കും
എല്ലാ സൂപ്രണ്ടിങ് എൻജിനിയർമാർക്കും
എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും
എല്ലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും

പകർപ്പ്:-

PAs to MD/TM
CE(P&O)
All ROs/Meter Inspector/

Draft #2 of File KWA/HO/RMC/R1/1080/2020 Approved by Accounts Member on 20-Dec-2020 10:22 PM - Page 3

The document is digitally approved. Hence signature is not needed.